7. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നു.

8. ഉൽപ്പാദന ബോണസായി ഹെക്ടറിന് 350 രൂപ വീതം കർഷകർക്ക് നൽകുന്നു.

9. സൗജന്യവൈദ്യുതി - നെൽകൃഷിക്കാർക്ക് ജലസേചനത്തിനായി കൃഷിവകുപ്പിലൂടെ സൗജന്യവൈദ്യുതി പദ്ധതിയും പമ്പിംഗ് സബ്സിഡി റവന്യൂ വകുപ്പിലൂടെയും നൽകുന്നുണ്ട് ;

10. ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്കായി യന്ത്രവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി, പവ്വർ ടില്ലർ, ട്രാക്ടർ, പെട്ടിയും പറയും കൊയ്ത്തുമെതി യന്ത്രം എന്നിവ നൽകി വരുന്നു ;

11. ശാസ്ത്രീയ മണ്ണുപരിശോധന - പദ്ധതി പ്രകാരം പാടത്തിലെ മണ്ണു പരിശോധിച്ചു ശാസ്ത്രീയമായ വളപ്രയോഗം നടത്താൻ കൃഷിക്കാരെ സഹായിക്കുന്നു.

12. വിപണനം - നെല്ലിന്റെ ഉല്പാദനവും വിപണനവും ഏകോപിപ്പിച്ച് കർഷകർക്ക് ന്യായമായ വില ലഭ്യമാക്കാൻ നെല്ലിന് താങ്ങുവില നൽകി നെല്ല് സംഭരിക്കുന്നുണ്ട് ;

(ബി) പാലക്കാട് നെൽകൃഷിക്കാർക്ക് കുട്ടനാട്ടിലെ കൃഷിക്കാർക്ക് നൽകുന്ന പമ്പിംഗ് സബ്സിഡി ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**"വനാന്തർഭാഗത്തുള്ള നദിയിൽനിന്നുള്ള മണൽവാരൽ"**

7 (*362) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് വനാന്തർഭാഗത്തുള്ള നദികളിൽനിന്ന് വനേതര ആവശ്യങ്ങൾക്കായി മണൽവാരിയ സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) അപ്രകാരം മണൽ വാരുന്നതിനുള്ള അനുമതിക്കുവേണ്ടി സമർപ്പിച്ച അപേക്ഷ അനുവദിക്കാൻ പാടില്ലെന്ന് ബന്ധപ്പെട്ട വനം വകുപ്പുദ്യോസ്ഥർ ശുപാർശ ചെയ്തിട്ടും അപേക്ഷ അനുദിക്കുകയോ, അപേക്ഷ അനുവദിച്ചില്ലെങ്കിൽപ്പോലും മണൽ വാരുകയോ ചെയ്ത സംഭവം അക്കാലത്ത് ഉണ്ടായിട്ടുണ്ടോ ;

(സി) അതേപ്പറ്റി ആരോപണം ഉണ്ടായിട്ടുണ്ടോ ;

(ഡി) പ്രസ്തുത സംഭവം സംബന്ധിച്ച് ഏതെങ്കിലും കേസ് കൊടുത്തിരിന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളെടുത്തുവെന്ന് പറയാമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ഉണ്ട്.

(ബി) ഗവൺമെന്റിൽനിന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നുമുള്ള അനുമതിയോടെയാണ് മണൽ ശേഖരിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) ഒന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

**നെല്ലുല്പാദനത്തെക്കുറിച്ച് പഠനം നടത്തിയ ശാസ്ത്രീയ സമിതി**

**8 (*363)** ശ്രീമതി മേഴ്സി രവി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുറഞ്ഞുവരുന്ന നെൽപ്പാടങ്ങളുടേയും നെല്ലുല്പാദനത്തിന്റെയും പ്രശ്നങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ ഒരു ഉന്നത ശാസ്ത്രസമിതിയെ നിയമിച്ചിരുന്നുവോ ;

(ബി) ഈ സമിതിയുടെ റിപ്പോർട്ടിൽ നെല്ലുല്പാദനം എത്ര എൻ. ഇ. എസ്. ബ്ലോക്കുകളിൽ കേന്ദ്രീകരിക്കുവാനാണ് നിർദ്ദേശിച്ചിരുന്നത് ;

(സി) ഈ ബ്ലോക്കുകളുടെ പേരുൾക്കൊള്ളുന്ന ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത ബ്ലോക്കുകളിലേക്ക് നെൽ കൃഷി കേന്ദ്രീകരിക്കുവാൻ എന്തെല്ലാം നടപടിക്കളെടുത്തു ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) നിയമിച്ചിരുന്നു.

(ബി) ടി സമിതിയുടെ റിപ്പോർട്ടിൽ 85 എൻ. ഇ. എസ് ബ്ലോക്കുകളിൽ നെൽകൃഷി കേന്ദ്രീകരിക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

(സി) ബ്ലോക്കുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ശുപാർശകളുടെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷമേ നടപടി സ്വീകരിക്കാനാവൂ.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly